# കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

भाकृअनुप ICAR · के.रो.फ.अ.स CPCRI

# വാർത്താപത്രിക
# NEWSLETTER

Vol. 20 Issue 04
വാല്യം 20 ലക്കം 04

October - December 2022
ഒക്ടോബർ - ഡിസംബർ 2022




Azadi Ka Amrit Mahotsav

## ഉള്ളടക്കം


- വനിതാ കർഷക ദിനം ആഘോഷിച്ചു
- പി.എം.കിസാൻ സമ്മേളനത്തിന്റെ വെബ്കാസ്റ്റിംഗ്
- കാർഷിക ബിരുദ വിദ്യാർത്ഥികൾക്ക് ഗ്രാമീണ കാർഷിക പ്രായോഗിക പരിശീലനം
- മൃഗസംരക്ഷണ ക്യാമ്പുകൾ നടത്തി
- യുവജനങ്ങൾക്ക് ഭക്ഷ്യസംസ്കരണത്തിൽ സംരഭകത്വ വികസന പരിപാടി
- യുവ കർഷകർക്ക് നൈപുണ്യ പരിശീലന പരിപാടി സംഘടിപ്പിച്ചു
- സഹകരണ ബാങ്ക് ഭാരവാഹികൾക്ക് അഗ്രോപ്രോസസിങ്ങിൽ പരിശീലനം
- കർഷക ഉത്പാദക കമ്പനി അംഗങ്ങൾക്ക് മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ പരിശീലനം
- കാർഷിക സംരംഭ ശിൽപശാല നടത്തി


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ QR CODE സ്കാൻ ചെയ്യുക.


കെ. വി. കെ. യുമായി ബന്ധപ്പെടാൻ...

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ : 0479 2449268
0479 2959268, 9447790268
Email: kvk.alappuzha@icar.gov.in
kvkalapuzha@gmail.com
Website : www.kvkalappuzha.icar.gov.in


## ജൈവ പച്ചക്കറി കൃഷിക്കായി പട്ടികജാതിക്കാർക്കുള്ള പ്രത്യേക പദ്ധതി




കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം നടപ്പിലാക്കുന്ന പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കായംകുളം നഗരസഭ പരിധിയിലെ ആയിരം കുടുംബാംഗങ്ങളെ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി നടപ്പിലാക്കുന്നതിനായി ഗുണമേന്മയുള്ള പച്ചക്കറി വിത്തുകളുടെ വിതരണവും ജൈവ പച്ചക്കറി കൃഷി സെമിനാറിന്റെ ഉദ്ഘാടനവും ഓക്ടോബർ 26 ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കായംകുളം എസ്.എൻ.ഡി.പി യോഗ ഹാളിൽ വെച്ച് ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ അഡ്വ.യു.പ്രതിഭ നിർവ്വഹിച്ചു. നഗരസഭ ചെയർപേഴ്സൺ ശ്രീമതി.പി.ശശികല അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് ചെയർമാൻ ശ്രീ.ജെ.ആദർശ്, വികസന സ്റ്റാൻഡിംങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി.മായാദേവി, കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.റജീന ജേക്കബ്, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ, നഗരസഭാംഗങ്ങൾ തുടങ്ങിയവർ കർഷകരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

## വനിതാ കർഷക ദിനം ആചരിച്ചു




കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15ന് ദേശീയ വനിതാ കർഷക ദിനം തൃക്കുന്നപ്പുഴയിൽ സംഘടിപ്പിച്ചു. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എസ്സ്.വിനോദ്കുമാർ ദിനാചരണം ഉത്ഘാടനം ചെയ്തു. പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ.എസ്സ്. സുജിത്ത് അദ്ധ്യക്ഷത

വഹിച്ച യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരൻ വനിതാ കർഷക ദിന സന്ദേശം നൽകി. കയർ നിർമ്മാണ മേഖലയിൽ അര നൂറ്റാണ്ടിലേറെ സജീവമായി പ്രവർത്തിക്കുന്ന ശ്രീമതി.എം.അമ്മിണിയെ ചടങ്ങിൽ ആദരിച്ചു. വനിതാ കർഷകർക്ക് പ്രയോജനപ്പെടുത്താവുന്ന പദ്ധതികളെക്കുറിച്ച് കൃഷി ഓഫീസർ ശ്രീമതി.ദേവിക ക്ലാസെടുത്തു. കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോ.ടി.ശിവകുമാർ, ഡോ.കെ.സജ്നനാഥ് എന്നിവർ സംസാരിച്ചു.

## • പി.എം.കിസാൻ സമ്മേളനത്തിന്റെ വെബ്കാസ്റ്റിംഗ്



ഒക്ടോബർ 17 ന് ന്യൂഡൽഹിയിൽ നടന്ന പി.എം കിസാൻ സമ്മേളനത്തിൽ പ്രധാനമന്ത്രി ശ്രീ.നരേന്ദ്ര മോദി ആയിരത്തിലധികം കർഷകരെയും സംരംഭകരെയും അഭിസംബോധന ചെയ്തതിന്റെ വെബ്കാസ്റ്റിംഗ് കൃഷി വിജ്ഞാന കേന്ദ്രത്തിൽ സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് കെ.വി.കെയുടെ സാങ്കേതിക ഇടപെടലുകളിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞ ശ്രീ.സലീം.കെ.എം കൃഷിയുടെ വൈവിദ്ധ്യവത്ക്കരണത്തെക്കുറിച്ചും, ശ്രീമതി.രാജമ്മ ഭാസ്ക്കരൻ ജൈവ രീതിയിലുള്ള സംയോജിത കൃഷിയെക്കുറിച്ചും ശ്രീമതി.കെ.രാധാമണി കൂൺ കൃഷിയെക്കുറിച്ചും ശ്രീമതി. മറിയാമ്മ ജോൺ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണത്തെക്കുറിച്ചും വനിതാ സംരഭകയായ ശ്രീമതി. ശ്രീദേവി തന്റെ സംരംഭങ്ങളെക്കുറിച്ചും മറ്റ് കർഷകരുമായി അനുഭവം പങ്കുവെച്ചു. ഈ അവസരത്തിൽ കൃഷി വിജ്ഞാന കേന്ദ്രം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന സാങ്കേതിക ഇടപെടലുകളെക്കുറിച്ച് മേധാവി ഡോ.പി.മുരളീധരൻ സംസാരിച്ചു. സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.കെ,സജ്നനാഥ് ജൈവ ഉത്പാദനോപാധികളുടെ ഉപയോഗത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ശ്രീമതി.ജിസ്സി ജോർജ്ജ്, ശ്രീ.രാജീവ് എം.എസ് എന്നിവരും കർഷകരെ അഭിസംബേധന ചെയ്തു സംസാരിച്ചു.

## • കാർഷിക ബിരുദ വിദ്യാർത്ഥികൾക്ക് ഗ്രാമീണ കാർഷിക പ്രായോഗിക പരിശീലനം

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്ക് കാർഷിക ബിരുദ പഠനത്തിന്റെ ഭാഗമായുള്ള ഗ്രാമീണ കാർഷിക പ്രായോഗിക പരിശീലനം (RAWE) നടത്തി. വെള്ളാനിക്കര കാർഷിക കോളേജിലെ വിദ്യാർത്ഥികൾക്ക് നവംബർ 21 മുതൽ 25 വരെയും, വെള്ളായണി കാർഷിക കോളേജിലെ വിദ്യാർത്ഥികൾക്ക് ഡിസംബർ 26 മുതൽ 29 വരെയുമാണ് പരിശീലനം നൽകിയത്. കെ.വി.കെ യുടെ വിവിധ കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ, പദ്ധതികൾ, കുട്ടനാട്ടിൽ നടപ്പിലാകുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി എന്നിവ കണ്ട് മനസ്സിലാക്കുവാനും കാർഷിക മേഖലയിലെ പ്രശ്നങ്ങൾ അടുത്തറിയുവാനും വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കി. പരിശീലനത്തിന്റെ ഭാഗമായി വെള്ളാനിക്കരയിലെ വിദ്യാർത്ഥികൾ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ നവംബർ 28ന് "തൈത്തെങ്ങുകളുടെ സംയോജിത പരിപാലന മുറകൾ" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തി. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹായത്തോടെ സംഘടിപ്പിച്ച ഈ പരിശീലനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എസ്. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു.




വെള്ളായണിയിലെ കാർഷിക ബിരുദ വിദ്യാർത്ഥികൾ ഡിസംബർ 29 ന് "വീട്ടുവളപ്പിലെ ജൈവ പച്ചക്കറി കൃഷി" എന്ന വിഷയത്തിൽ കെ.വി.കെയിൽ വെച്ച് പരിശീലനം സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ വിജയകരമായി പൂർത്തിയാക്കിയ ഈ പ്രായോഗിക പരിശീലനങ്ങളുടെ നടത്തിപ്പിന് സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.ടി.ശിവകുമാർ നേതൃത്വം നൽകി.

## • മൃഗസംരക്ഷണ ക്യാമ്പുകൾ നടത്തി

കൃഷി വിജ്ഞാന കേന്ദ്രം എടത്വ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ''കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതി'' യുടെ ഭാഗമായി ഒക്ടോബർ 28 ന് താറാവ്,കോഴിവളർത്തൽ കർഷകർക്കും നവംബർ 3,10 എന്നീ തീയതികളിൽ ആട്-ക്ഷീര കർഷകർക്കും മൃഗസംരക്ഷണ ക്യാമ്പുകൾ നടത്തി. എടത്വ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വച്ച് നടത്തിയ ക്യാമ്പുകളിൽ കോഴികൾക്കും താറാവുകൾക്കുമുള്ള മരുന്നുകളും തൊഴു

ത്തുകളിലെ അണു നശീകരണ ലായനിയും വിതരണം ചെയ്തു. മത്സ്യാവശിഷ്ടങ്ങളിൽ നിന്നും തീറ്റ ഉണ്ടാക്കുന്നതിനും, കോഴിവസന്തക്കെതിരെയുള്ള വാക്സിനേഷൻ നൽകുന്നതിനുമുള്ള പ്രായോഗിക പരിശീലനവും, ആടുകൾക്കും പശുക്കൾക്കും രോഗനിവാരണ ചികിത്സ, ഗർഭ പരിശോധന എന്നിവയും നടത്തി. വിര മരുന്നുകൾ, ടോണിക്കുകൾ, ധാതുലവണ മിശ്രിതം, തീറ്റപ്പുൽ വിത്തുകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്തു. കെ.വി.കെ യിലെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.എസ്.രവി ബോധവൽക്കരണ ക്യാമ്പിന് നേതൃത്വം നൽകി.



## • യുവജനങ്ങൾക്ക് ഭക്ഷ്യസംസ്കരണത്തിൽ സംരഭകത്വ വികസന പരിപാടി

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സാമ്പത്തിക സഹായത്തോടെ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്കായി ഭക്ഷ്യസംസ്കരണ മേഖലയിൽ 10 ദിവസത്തെ സാങ്കേതിക വിദ്യാ വികസന പരിപാടി കെ.വി.കെ യിൽ സംഘടിപ്പിച്ചു. പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം നവംബർ 14ന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.അംബുജാക്ഷി ടീച്ചർ നിർവ്വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളീധരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ.കെ.എസ്.ശിവകുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരായ ശ്രീമതി.സ്വപ്ന.പി, ശ്രീ.മനോജ്.വി.പി, ശ്രീ.അഭിലാഷ്.കെ, ശ്രീ.ജയൻ.ആർ എന്നിവരും സംസാരിച്ചു.

ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് ഭക്ഷ്യസംസ്കരണ രംഗത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി കൃത്യമായ പരിശീലനവും സാമ്പത്തിക പിന്തുണയും നൽകി മുഖ്യധാരയിലെത്തിക്കുക എന്നതായിരുന്നു. ഈ പരിശീലന പരിപാടിയുടെ ലക്ഷ്യം. ജില്ലയിലെ പ്രധാന കാർഷിക വിളകളായ നാളികേരം, നെല്ല്, ചക്ക, വാഴ, പഴ



ന്നിവയിൽ നിന്നും തയ്യാറാക്കാവുന്ന ഉത്പന്നങ്ങളുടെ സംസ്കരണം,കേക്ക് നിർമ്മാണം, റിട്ടോർട്ട് പായ്ക്കിങ്ങ് എന്നിവയിലും പ്രവർത്തി പരിചയം നൽകി. കൂടാതെ സംരഭത്തിനാവശ്യമായ ലൈസൻസുകൾ, സർട്ടിഫിക്കേറ്റുകൾ, യന്ത്രസാമഗ്രികൾ എന്നിവയെക്കുറിച്ചുള്ള അറിവുകളും, മാർക്കറ്റിംഗ്, പാക്കിംഗ് രീതികളെക്കുറിച്ചുള്ള അവബോധവും നൽകി. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ കുലശേഖരപുരം പഞ്ചായത്തിലെ ശ്രീ.മുജീബ്, കരുനാഗപ്പള്ളിയിൽ പ്രവർത്തിപ്പിക്കുന്ന ചക്കസംസ്കരണ യൂണിറ്റും പരിശീലനാർത്ഥികൾ സന്ദർശിച്ചു. കെ.വി.കെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി.ജിസ്സി ജോർജ്ജ് പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

## • യുവ കർഷകർക്ക് നൈപുണ്യ പരിശീലന പരിപാടി സംഘടിപ്പിച്ചു

യുവ കർഷകർക്കായി പശു,ആട്,കോഴി വളർത്തൽ മേഖലയിൽ നൈപുണ്യ വികസനത്തിനും സംരംഭങ്ങൾ വിപുലീകരിക്കാനും ഏഴ് ദിവസത്തെ പരിശീലന പരിപാടി നടത്തി .കൃഷി വിജ്ഞാന കേന്ദ്രവും ആത്മ (ATMA)-ആലപ്പുഴയും സംയുക്തമായി ഡിസംബർ 19 മുതൽ 27 വരെ സംഘടിപ്പിച്ച ഈ പരിപാടിയിൽ കോഴി, പശു,ആട് എന്നിവയുടെ ശാസ്ത്രീയ പരിപാലനം, കോഴികളിലെ കുത്തിവെയ്പ്പ്, ചുണ്ട്കരിക്കൽ, മത്സ്യ സൈലേജ് തീറ്റ നിർമ്മാണം, തീറ്റപ്പുൽ കൃഷി എന്നിവയിൽ പ്രയോഗിക പരിശീലനം നൽകി. ഇതോടൊപ്പം വിജയകരമായി പ്രവർത്തിച്ചുവരുന്ന ഫാമുകളുടെ സന്ദർശനവും നടത്തി. കൂടാതെ മൃഗ സംരക്ഷണ മേഖലയിലെ യന്ത്രവൽക്കരണത്തിന്റെ സാധ്യതകളെയും വിവിധ സ്കീമുകളെയും പ്രോജക്റ്റ് തയ്യാറാക്കുന്നതിനെയും കുറിച്ച് അവബോധം നൽകി. കെ.വി.കെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.എസ്.രവിയുടെ നേതൃത്വത്തിലാണ് ഈ പരിശീലനം നടത്തിയത്.



## കർഷക ഉത്പാദക കമ്പനി അംഗങ്ങൾക്ക് മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ പരിശീലനം



കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ 12 പഞ്ചായത്തുകളിൽ നിന്നുള്ള വാഴ, കിഴങ്ങു വർഗ്ഗങ്ങളുടെ ഉത്പന്ന നിർമ്മാണവുമായി ബന്ധപ്പെട്ട കർഷക ഉത്പാദക കമ്പനിയുടെ ഓഹരിയുടമകളായ കർഷകർക്കായി വി.എഫ്.പി.സി.കെ. യുടെ പങ്കാളിത്തത്തോടെ ഒരു പരിശീലന പരിപാടി കെ.വി.കെ.യിൽ നടത്തി. ഇരുപതോളം കർഷക പ്രതിനിധികളും വി.എഫ്.പി.സി.കെ ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു. കായപ്പൊടി, പഴം, കായത്തൊലി, കൂമ്പ്, വാഴപിണ്ടി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയിൽ നിന്ന് വ്യത്യസ്തവും ആരോഗ്യകരവുമായ നിരവധി മൂല്യവർദ്ധിത ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ തയ്യാറാക്കിയത്. കൂടാതെ സംരംഭം തുടങ്ങുന്നതിനാവശ്യമായ പ്രോജക്റ്റ് പ്രൊപോസൽ, ഉപകരണങ്ങളുടെ വിവരങ്ങൾ, വായ്പ പദ്ധതികൾ, ലൈസൻസുകൾ എന്നിവയും കമ്പനി അംഗങ്ങൾക്ക് പരിചയപ്പെടുത്തി.

## സഹകരണ ബാങ്ക് ഭാരവാഹികൾക്ക് അഗ്രോപ്രോസസിങ്ങിൽ പരിശീലനം



ആലപ്പുഴ, എറണാകുളം, ഇടുക്കി,കൊല്ലം,തിരുവനന്തപുരം ജില്ലകളിലെ 16 സർവ്വീസ് സഹകരണ ബാങ്കുകളുടെ 30 ഓളം ഭാരവാഹികൾക്കായി കാർഷി കോൽപന്നങ്ങളുടെ പ്രാഥമിക സംസ്കരണവുമായി ബന്ധപ്പെട്ട് അഗ്രി-ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) സ്കീമിനെക്കുറിച്ചും നാളികേരം, ചക്ക, വാഴ, നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തെക്കുറിച്ചും ഒരു ദ്വിദിന പരിശീലന പരിപാടി കെ.വി.കെ യിൽ സംഘടിപ്പിച്ചു. സാങ്കേതിക പരിശീലനത്തോടൊപ്പം മാർക്കറ്റിംഗ്, PMFME സ്കീമുകളെക്കുറിച്ചുള്ള വിശദീകരണം, ഒരോ വിളയുടെയും പ്രാഥമിക സംസ്കരണം, ഉത്പന്ന നിർമ്മാണം എന്നിവയ്ക്കു വേണ്ടിവരുന്ന യന്ത്രസാമഗ്രികൾ, പാക്ക് ഹൗസ്,കോൾഡ് സ്റ്റോറേജ്, റീഫർവാൻ എന്നിവ സജ്ജമാക്കൽ, ആവശ്യമായ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയിലും അവബോധം നൽകി. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി.മുരളിധരൻ, കെ.വി.കെ സബ്ജക്റ്റ് മാറ്റർ സ്പഷ്യലിസ്റ്റ് ശ്രീമതി ജിസ്സി ജോർജ്ജ്, സഹകരണ, വ്യവസായ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## കാർഷിക സംരംഭ ശിൽപശാല നടത്തി



കൃഷി വിജ്ഞാന കേന്ദ്രവും പ്രമുഖ മാധ്യമ ശൃംഖലയായ മലയാള മനോരമയുടെ കാർഷിക മാസികയായ കർഷകശ്രീയും ചേർന്ന് യുവജനങ്ങൾക്കും കർഷകർക്കുമായി 'കാർഷിക മേഖലയിലെ സംരംഭങ്ങൾ' എന്ന വിഷയത്തിൽ ഏകദിന ശിൽപശാല നടത്തി. ഓരോ കർഷകർക്കും തങ്ങളുടെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്തി വരുമാന വർദ്ധനവിനുതകുന്ന സംരംഭങ്ങളെക്കുറിച്ചുള്ള ആശയങ്ങൾ ശിൽപശാലയിൽ പങ്കുവെച്ചു. കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ നയിച്ച ശിൽപ്പശാലയിൽ മൃഗസംരക്ഷണം, കൂൺകൃഷി, തേനിച്ച വളർത്തൽ, വാഴയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നീ വിഷയങ്ങളിൽ സബ്ജക്റ്റ് മാറ്റർ സെപ്ഷ്യലിസ്റ്റുകളായ ഡോ.എസ്.രവി, ശ്രീമതി. ജി.ലേഖ, ഡോ.ടി. ശിവകുമാർ, ശ്രീമതി.ജിസ്സി ജോർജ്ജ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

Printed & Published by: **Dr. K. Muralidharan**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Dr. S. Ravi**
Technical Inputs: **Rajeev M.S, Jissy George, Dr. T. Sivakumar, Lekha G & Dr. K. Sajnanath**
Technical Support: **K.M. Ansary, P.V. Bijila, Anju Sathyan.S, Muhammed Ijaz. N**